# മലയാളത്തനിമയുടെ തിരുവാതിര


ഡോ. ഹേമമാലിനി. എം

**ആട്ടം**

ആട്ടം ആഹ്ലാദത്തിന്റെ ആവിഷ്ക്കാരമാണ്. ആശയ സംവേദത്തിനു ഭാഷ ഉരുത്തിരിയും മുൻപ് ആംഗ്യമുഖൾക്കപ്പുറത്തേയ്ക്കു കവിഞ്ഞു നിന്ന സന്തോഷമുഹൂർത്തങ്ങളെ സാക്ഷാത്ക്കരിക്കാൻ രൂപപ്പെട്ട സ്വഭാവികമായ ചില ശരീരചലനങ്ങൾ ആട്ടചരിത്രത്തിന്റെ ആദ്യ ചുവടുകളായി. അപ്രതീക്ഷിതമായി കിട്ടിയ വലിയ ഒരു ഇര വേട്ടയ്ക്കു ഒരുമിച്ചു കൂടിയവരുടെ മുഴുവൻ സന്തോഷമാണ്. വേട്ടയ്ക്കെന്നപോലെ ഇര ലഭിച്ച സന്തോഷത്തിനും ഒരുമിച്ചു ചേരുന്നത് തീർത്തും സ്വഭാവികം. ഇതാകാം ലക്ഷ്യപൂർണ്ണമായ നടപ്പ്, ഓട്ടങ്ങളിൽ നിന്നു വ്യതിരിക്തമായ ഒരു ശരീരചലനത്തിന്റെ സ്വഭാവികതയിലേക്കു മനുഷ്യനെ പ്രേരിപ്പിച്ച ആദ്യ സംഗതികൾ. ഇത്തരം ആഹ്ലാദപ്രകടനങ്ങളിൽ പങ്കെടുക്കുന്നവരുടെ സമാനമനസ്കത അവരെ; ഏവരേയും പരസ്പരം കാണാനാകുന്ന, ഏവർക്കും തുല്യ പ്രാധാന്യം നൽകുന്ന ഒരു വൃത്തഘടനയ്ക്കകത്താക്കിയതും ബോധപൂർവ്വമായിരിക്കണമെന്നില്ല. ഇത്തരം പ്രകടനങ്ങൾ നൽകുന്ന ശാരീരോകോർജ്ജം മാനസികോല്ലാസം നൽകുന്ന ഇതര സന്ദർഭങ്ങളിലും ഇതേ ചലനരീതികൾ ആവർത്തിക്കാൻ പ്രേരിപ്പിച്ചിരിക്കും എരിയുന്ന തീയിനു ചുറ്റും കൂടി നിന്നുള്ള ആദിനൃത്തങ്ങൾ ഇവയുടെ തുടർച്ചകളോ, പരിണാമങ്ങളോ ആണ്. കുടുംബം എന്ന സ്ഥാപനം സമൂഹത്തിലെ സ്ത്രീ പുരുഷ പദവിയെ നിർവ്വചിക്കുകയും അവർക്കിടയിൽ ഇടവരമ്പുകൾ പണിയുകയും ചെയ്തപ്പോൾ സമൂഹത്തിലെ ഇതര കാര്യങ്ങളിൽ എന്ന പോലെ നൃത്തസംഘങ്ങളിലും ആൺ പെൺ വ്യത്യസ്ത കൂട്ടുകളുണ്ടായി. ലിംഗവ്യത്യാസങ്ങൾക്കതീതമായ ഗോത്രനിയമങ്ങളുടെ കൂട്ടിക്കെട്ടലുകളിൽ ആ ജനത ലിംഗ വ്യത്യാസമില്ലാതെ സംഘനൃത്തങ്ങൾ ആഘോഷിക്കുന്നു.

**സ്ത്രീകളുടെ നൃത്തം**

തമിഴകത്തിന്റെ ഭാഗമായ കേരളത്തിലെ സ്ത്രീകളുടെ നൃത്തപങ്കാളിത്ത ചരിത്രത്തിന്റെ പ്രാക്യതതയെ സംഘം കൃതികളിലെ പരാമർശങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. പഴയ തമിഴ് ഗ്രന്ഥങ്ങളിൽ കുരവൈക്കൂത്ത്, മറവസ്ത്രീകളുടെ വേട്ടുവവരി എന്നീ നൃത്തങ്ങളെക്കുറിച്ച് പരാമർശമുണ്ട്. സ്ത്രീകൾ വട്ടത്തിൽ നിന്നു കൈകോർത്തു പിടിച്ച് കൃഷ്ണനേയും വേട്ടുവവരി ദുർഗയേയും സ്തുതിക്കുന്ന നൃത്തങ്ങളാണ് കുരവൈക്കൂത്ത്. മലങ്കുറവ സ്ത്രീകൾ മുരുകനേയും വള്ളിയേയും സ്തുതിച്ച് വട്ടത്തിൽ നിന്നു പാടി നൃത്തം വയ്ക്കുന്ന രീതിയും ആണു നടപ്പിലുണ്ടായിരുന്നെന്നു ഈ ഗ്രന്ഥങ്ങൾ പറയുന്നു.



സ്ത്രീകളുടെ മാത്രം പങ്കാളിത്തമാകുമ്പോൾ നൃത്തരൂപം വട്ടം എന്ന ജനാധിപത്യക്രമത്തെ തുടരുമ്പോഴും അവയുടെ ഭാവം സ്തുതി ഭക്തികളിലേയ്ക്കു ഒതുങ്ങുന്നു, എന്നു കാണാം. നൃത്തത്തെ മുന്നോട്ടു കൊണ്ടു പോകുന്ന ഒരു നേതാവ്, അരങ്ങ് ഇവയുടെ അഭാവമാണ് ഈ നൃത്തങ്ങളുടെ ജനാധിപത്യ സ്വഭാവത്തെ നിശ്ചിതപ്പെടുത്തുന്നത്. കേരളത്തിൽ തുടർന്നും വ്യത്യസ്ത സമൂഹങ്ങളിലുൾപ്പെടുന്ന സ്ത്രീകൾ അതതു സംസ്കാരത്തേയും സ്വത്വത്തേയും വെളിപ്പെടുത്തുന്ന നൃത്തങ്ങളിൽ ഏർപ്പെട്ടിരുന്നു.

എന്നാൽ ഇന്ന്, കൂത്ത്, കൂടിയാട്ടം എന്നിങ്ങനെയുള്ള വ്യവസ്ഥാനുസാരിയായ അരങ്ങിന്റെ ചിട്ടവട്ടങ്ങളോടുകൂടിയ കലകളിലേയ്ക്ക് പ്രവേശിക്കുമ്പോൾ സ്ത്രീയുടെ വരവ്, പോക്ക്, ചലനങ്ങൾ, ഭാഷ ഇവയ്ക്കെല്ലാം നിയതമായ നിയമങ്ങളുടെ കൃത്യത വന്നു. പലപ്പോഴും അവയ്ക്കു വിലക്കുകളുടെ കാർക്കശ്യസ്വഭാവമുണ്ടായിരുന്നു.

**തിരുവാതിര**

ഇന്നു ഏതു വേദിയിലും മതസൗഹാർദ്ദമോ സംസ്ക്കാരസമന്വയമോ കലകളിലൂടെ ആവിഷ്ക്കരിക്കുന്ന സന്ദർഭങ്ങളിൽ പാരമ്പര്യത്തിന്റെ പ്രതീകമായി രണ്ടാമതൊരു ആലോചനയ്ക്ക് ഇടം നൽകാതെ അരങ്ങേറുന്ന നൃത്തരൂപമാണ് തിരുവാതിരക്കളി. പലയിടത്തും കൈക്കൊട്ടിക്കളി എന്നു പര്യായപദമായി ഉപയോഗിക്കുന്നുണ്ടെങ്കിലും തിരുവാതിരക്കളി എന്ന പേര് തിരുവാതിര എന്ന ആഘോഷവുമായാണ് എവിടേയും ബന്ധിപ്പിക്കുന്നത്. സ്ത്രീകളുടേതു മാത്രമായ ആഘോഷമെന്ന പ്രാധാന്യമാണ് തിരുവാതിരയ്ക്കുള്ളത്. പരമശിവന്റെ തിരുനാൾ, ശിവതപസ്സിനു ഭംഗം വരുത്തിയ കാമദഹനത്തിനു ശേഷം രതീദേവിയുടെ ദുഃഖം കണ്ട് മനസ്സലിഞ്ഞ് ശിവൻ കാമനെ പുനരുജ്ജീവിപ്പിച്ചതിന്റെ സ്മരണ, ശിവൻ ശക്തിയോടു ചേരുന്ന മുഹൂർത്തം എന്നിങ്ങനെ തിരുവാതിരയ്ക്കു ഒട്ടേറെ ഐതിഹ്യങ്ങൾ പറഞ്ഞുവരാറുണ്ട്. തിരുവാതിര കേരളത്തിൽ മാത്രമല്ല തമിഴ്നാട്ടിലും ആഘോഷിക്കുന്നുണ്ട്. പഴയകാലം മുതലേ തുടർന്നുവരുന്ന ഈ പതിവിനെക്കുറിച്ച് പുരാതന തമിഴ് കൃതികൾ പറയുന്നുണ്ട്. 'പരിപാട്'ലിൽ വൈഗാ നദിയിൽ സ്ത്രീകൾ തിരുവാതിരനാളിൽ തുടിച്ചുകുളിക്കുന്നതു വർണ്ണി

ച്ചിട്ടുണ്ട്. ഭക്തനന്ദനാരുടെ ചിദംബരം തീർത്ഥയാത്ര ആർദ്രാഘോഷക്കാലത്താണ്. സംഘകാലകൃതികൾ തിരുവാതിരാഘോഷത്തെ മാർഗംഴി നീരാട്ട് എന്നാണ് വിശേഷിപ്പിക്കുന്നത്. ശൈവഭക്തി പ്രസ്ഥാനത്തിന്റെ പ്രഭവകാലം ശിവനുമായി ബന്ധപ്പെട്ട ഈ ആഘോഷങ്ങൾക്കു ഈട്ടം കൂട്ടിയിരിക്കണം.

ശിവസ്തുതി, സ്ത്രീ പങ്കാളിത്തം, സ്ത്രീകളുടെ തുടിച്ചുകുളി എന്നിവ തിരുവാതിരാഘോഷങ്ങളുടെ എന്നത്തേയും പ്രത്യേകതകളായിരുന്നു എന്നു ഇവ സാക്ഷ്യപ്പെടുത്തുന്നു. കേരളത്തിലെ തിരുവാതിരാഘോഷങ്ങൾ ഇവിടത്തെ നമ്പൂതിരി, നായർ, അമ്പലവാസി സമുദായങ്ങളിലെ സ്ത്രീകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായിരുന്നു. ആഘോഷത്തേക്കാൾ വ്രതശുദ്ധിയാണ് തിരുവാതിരയ്ക്കുണ്ടായിരുന്നത്. ഭർത്തൃലാഭം, നെടുമംഗല്യം, സത്പുത്രലാഭം, എന്നിങ്ങനെയുള്ള ആദർശം സ്ത്രീ കാമിതങ്ങളാണ് തിരുവാതിര നോമ്പ് നോൽക്കലിന്റെ കാതൽ. സ്ത്രീകൾ മാത്രം ആചരിക്കേണ്ടവയാണ് ഇത്തരം പ്രാർത്ഥനകളും വ്രതങ്ങളുമെന്ന ഒരു പുരുഷ മേധാവിത്വ സമൂഹത്തിന്റെ കല്പനകളുടെ പരിവേഷവും തിരുവാതിരയ്ക്കുണ്ട്. പണ്ടും കീഴാള സ്ത്രീകൾ പണിയിടങ്ങളിലും ഇതര ഗാർഹിക സാമൂഹിക ഇടങ്ങളിലും പുരുഷനൊപ്പം തന്നെ നിന്നിരുന്നു. അന്തപ്പുരവാസികളായ മേലാള സ്ത്രീകൾക്കാണ് പുറം ലോകകാഴ്ചകളുടെ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്നത്. ജീവിതം വെപ്പും തീനും വ്രതങ്ങളും തേവാരങ്ങളുമായി നീണ്ടുപോയിരുന്ന ഈ മേലാള സ്ത്രീകളുടെ അല്പം ആഘോഷസാധ്യതകൾ നൽകുന്ന ഒരു വ്രതാനുഷ്ഠാനമായിരുന്നു തിരുവാതിര. സംഘം ചേർന്ന് തുടിച്ചുകുളി, എട്ടങ്ങാടി, ഗോതമ്പ്, കൂവ എന്നിങ്ങനെ പതിവുവിട്ട ഭക്ഷണക്രമം, മഞ്ഞൾ ചന്ദനക്കുറി, മയിലാഞ്ചി, ദശപുഷ്പം ചൂടൽ എന്നീ അലങ്കാരങ്ങളോടെ വട്ടത്തിൽ നിന്നുള്ള ഒരു കളി എന്നിങ്ങനെ അത്യപൂർവ്വമായ മാനസികോല്ലാസങ്ങൾക്കു തിരുവാതിര സ്ത്രീകൾക്കു അവസരം നൽകുന്നു. 29 ദിവസം നീണ്ടുനിൽക്കുന്ന വ്രതാനുഷ്ഠാനങ്ങൾ അന്നേ ദിവസത്തെ ചിട്ടവട്ടങ്ങൾ എന്നിങ്ങനെ തിരുവാതിരയുടെ വ്രതവിശദീകരണങ്ങൾ ഏറെയുണ്ടെങ്കിലും തിരുവാതിരക്കളി എന്ന നൃത്തരൂപത്തിനാണ് പിന്നീട് ഏറെ പരിഗണനയും പ്രാധാന്യവും ലഭിച്ചത്.

ശിവസ്തുതി, സ്ത്രീ പങ്കാളിത്തം, സ്ത്രീകളുടെ തുടിച്ചുകുളി എന്നിവ തിരുവാതിരാഘോഷങ്ങളുടെ എന്നത്തേയും പ്രത്യേകതകളായിരുന്നു എന്നു ഇവ സാക്ഷ്യപ്പെടുത്തുന്നു. കേരളത്തിലെ തിരുവാതിരാഘോഷങ്ങൾ ഇവിടത്തെ നമ്പൂതിരി, നായർ, അമ്പലവാസി സമുദായങ്ങളിലെ സ്ത്രീകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായിരുന്നു. ആഘോഷത്തേക്കാൾ വ്രതശുദ്ധിയാണ് തിരുവാതിരയ്ക്കുണ്ടായിരുന്നത്. ഭർത്തൃലാഭം, നെടുമംഗല്യം, സത്പുത്രലാഭം, എന്നിങ്ങനെയുള്ള ആദർശം സ്ത്രീ കാമിതങ്ങളാണ് തിരുവാതിര നോമ്പ് നോൽക്കലിന്റെ കാതൽ. സ്ത്രീകൾ മാത്രം ആചരിക്കേണ്ടവയാണ് ഇത്തരം പ്രാർത്ഥനകളും വ്രതങ്ങളുമെന്ന ഒരു പുരുഷ മേധാവിത്വ സമൂഹത്തിന്റെ കല്പനകളുടെ പരിവേഷവും തിരുവാതിരയ്ക്കുണ്ട്.

### തിരുവാതിരക്കളി

തിരുവാതിര ദിവസം ഇല്ലങ്ങളുടെ അകത്തളങ്ങളിൽ കൈമുദ്രകളോ അഭിനയമോ നവരസങ്ങളോ ഒന്നുമില്ലാതെ അരങ്ങേറുന്ന ഒരു നൃത്തരൂപം. നൃത്തത്തിലെ ഉത്തമാംഗത്തിനു ഈ കളിയിൽ പ്രസക്തിയേയില്ല. പക്ഷേ മൊത്തത്തിൽ ഈ സംഘനൃത്തം ഉണ്ടാക്കുന്ന ലാസ്യഭാവമാണ് ഇതിന്റെ ആകർഷകത്വം. ഭക്തിയും ശൃംഗാരവും ഹാസ്യവും സ്ഫുരിക്കുന്ന പാട്ടുകൾ പാടിയാണ് കളി. ഏതു ഭാവമായാലും ചുവടുകൾക്കോ കളിരീതികൾക്കോ തമ്മിൽ വ്യത്യാസങ്ങളില്ല. പ്രേക്ഷകരാരുമില്ലാതെ സ്ത്രീകളുടെ മാത്രമായ ഒരു സദസ്സിലാണ് കളി. അതിൽ തന്നെ വിധവകളും കുട്ടികളും മാത്രമാണ് കാഴ്ചക്കാരാകുക. മറ്റെല്ലാ സ്ത്രീകളും കളിയിൽ പങ്കുചേരുന്നു. ഗണപതി, സരസ്വതി, ശിവൻ, പാർവ്വതി എന്നിവരുടെ ക്രമികമായ സ്തുതികൾ, പുരാണകഥകൾ, വൃത്തത്തിൽ നിന്നു എത്ര പേരെ വേണമെങ്കിലും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള തിരുവാതിരക്കളി പുറംലോകം നിഷേധിക്കപ്പെട്ട സ്ത്രീകളുടെ അന്തരംഗാവിഷ്ക്കാരങ്ങളാണ്.

ശിവപ്രാർത്ഥനകളിലൂടെയാണം തിരുവാതിര ദിവസം നീളുന്നതെങ്കിലും തിരുവാതിരക്കളിയിൽ ഏതെങ്കിലും ഈശ്വര ബിംബങ്ങളോ ചിത്രങ്ങളോ പ്രത്യേകമായി പ്രതിഷ്ഠിക്കുക പതിവില്ല. നടുവിൽ കൊളുത്തി വച്ച ദീപത്തെ സാക്ഷിയാക്കിയാണ് കളി. ആദ്യകാല നൃത്തരൂപങ്ങളെന്ന പോലെ തിരുവാതിരക്കളിക്കുമുള്ള വൃത്തരൂപം കളിക്കാർക്കിടയിലെ അതുല്യരായ ആരും തന്നെ ആ കളിയിൽ പങ്കുചേരുന്നില്ലെന്നതാണ് വാസ്തവം. എങ്കിലും സപത്നീ സമ്പ്രദായം നിലനിന്നിരുന്ന ഒരു സംവിധാനത്തിൽ അകത്തളങ്ങളിലെ മുപ്പിളമ ഗൗനിക്കേണ്ടതില്ലാതെ ഒത്തുചേർന്ന് കളിക്കാവുന്ന ഒരു സന്ദർഭമെന്ന ലാഘവത്വമാകണം തിരുവാതിരക്കളിയുടെ ആഹ്ലാദവും ആവേശവും. അകത്തളങ്ങളിൽ രൂപീകൃതമാകുന്ന ഈ കളിവട്ടത്തിനു അന്നുവരെയുള്ള തുറസ്സിലെ കളി വട്ട രീതികളിൽ നിന്നു അല്പം വ്യത്യാസമുണ്ട്. വ്യവസ്ഥാപിതമായ ഒരു അരങ്ങിന്റെ അഭാവം, ചുവടുകളിലും വേഷത്തിലുമുള്ള ശ്ലഥനിയമങ്ങൾ, അംഗങ്ങളുടെ സംഖ്യാക്രമത്തിലെ അനിയതത്വം എന്നിവയിലെല്ലാം ഇത്തരം നൃത്തരൂപങ്ങളോട് ഐക്യപ്പെടുമ്പോഴും തിരുവാതിരക്കളി അകത്തളമെന്ന സമചതുരത്തിൽ രൂപീകൃതമാകുന്ന വൃത്തമാണ്. അതുകൊണ്ടു തന്നെ ഈ സമചതുരത്തിന്റെ ചില വ്യവസ്ഥകൾ തിരുവാതിരക്കളിയെ അദൃശ്യമായി നിയന്ത്രിക്കുന്നുണ്ട്. ആ നിയന്ത്രണങ്ങൾ ഒരു സമുദായം സ്ത്രീകൾക്കു അനുവദിക്കുന്ന സ്വാതന്ത്ര്യത്തിന്റെ പരിമിതികളും തിരുവാതിര എന്ന ആഘോഷത്തിന്റെ അനുഷ്ഠാന സ്വഭാവങ്ങളും ചേർന്നാണ് നിർമ്മിക്കുന്നത്.

ദേവസ്തുതിയിൽ ആരംഭിച്ച് പതിഞ്ഞു കളിക്കുന്ന പദങ്ങളിലൂടെയാണ് തിരുവാതിരക്കളി പുരോഗമിക്കുക. പദങ്ങളിൽ രാസക്രീഡ, പാർവ്വതീ പാണിഗ്രഹം, അജമിളാമോക്ഷം, സുഭദ്രാപഹരണം, ഉത്തരാസ്വയംവരം, രുഗ്മിണീസ്വയംവരം, ദക്ഷയാഗം എന്നിങ്ങനെ ഏതു പുരാണകഥയും വിഷയമാകുന്നുണ്ട്. എങ്ങനെ എങ്കിലും പൊതുവെ പ്രണയം, ദാമ്പത്യം, വിരഹം എന്നീ അവസ്ഥകളുടെ ആദർശം സ്ത്രീ പര്യവേക്ഷമാണ് ഈ പാട്ടുകളിലൂടെ പ്രത്യക്ഷമാകുന്നത്. ഇതേ പാട്ടുകളുടെ സ്വഭാവം പരിശോധിച്ചാൽ സംസ്കൃത പദങ്ങൾ നിറഞ്ഞവയും അതല്ലാതെ തനി നാടൻ പദങ്ങളും കാണാം. അതുപോലെ ശാസ്ത്രീയമായ രാഗങ്ങളോടുകൂടിയവയും താളമേതെന്നു പോലും തിരിച്ചറിയാത്തവയും കൂട്ടത്തിലുണ്ട്. കളിയുടെ അവസാനത്തിലെ നാടൻ ശീലുകളിൽ കുറത്തിയും, കുമ്മിയും, എല്ലാം ഉൾപ്പെടുന്നു. കളിയുടെ ആവേശത്തിനനുസരിച്ച് ഒറ്റക്കുമ്മിയും ഇരട്ടക്കുമ്മിയുമെല്ലാം നർത്തകികൾ കളിച്ചുകയറാറുണ്ട്. എന്നാൽ അകത്തളങ്ങളിലെ പഴയകാല കളിയെക്കുറിച്ച് ഓർമ്മിക്കുന്ന അന്തർജ്ജനങ്ങൾ തിരുവാതിര ദിവസത്തെ കളിയുടെ പ്രത്യേകത അതിന്റെ അനുഷ്ഠാനപരതയാണ് എന്നു എടുത്തുപറയുന്നത്. കൈകൊട്ടുന്ന ശബ്ദം കേൾപ്പിക്കാതെ, നാടൻ ശീലുകൾ ഒഴിവാക്കിക്കൊണ്ടുള്ള പതിഞ്ഞ കളിച്ചുവടുകളാണ് പ്രധാനം.

### ഓണക്കളി:

കേരളത്തിൽ തിരുവാതിരക്കളി രണ്ടവസരത്തിലാണ് അരങ്ങേറുന്നത്. തിരുവാതിരയ്ക്കും ഓണത്തിനും. ഓണക്കാലത്ത് ഈ നൃത്തരൂപത്തിനു കുറേക്കൂടി ജനകീയസ്വഭാവം വരുന്നതു കാണാം. നമ്പൂതിരി ഗൃഹങ്ങളിലെ കളിയായാ നിലനിൽക്കുമ്പോൾ തന്നെ അതു ജനകീയമാകുന്നതെങ്ങനെയെന്നു ദേവകി നിലയങ്ങോടിന്റെ വാക്കുകൾ വിശദീകരിക്കുന്നുണ്ട്.

'ഓണക്കാലത്ത് പകരാവൂർ നാലുദിവസത്തെ കൈക്കൊട്ടിക്കളി പതിവുണ്ട്. അന്തർജനങ്ങൾക്കു അവതരിപ്പിക്കാൻ അറിയുന്ന ഏക കല കൈകൊട്ടിക്കളിയാണ്. അതുകൊണ്ട് കൈകൊട്ടിക്കളിയിൽ പങ്കെടുക്കാമല്ലോ എന്നു മോഹിച്ചാണ് അവരെല്ലാം ഓണത്തിന്റെ വരവ് കാത്തിരുന്നത്. ഓണനാളിലെ കൈകൊട്ടിക്കളിയാണ് സാക്ഷാൽ കൈകൊട്ടിക്കളി. അന്തർജനങ്ങൾ മാത്രമല്ല അമ്പലവാസികളും ഇല്ലത്തെ ഇരിക്കണമ്മമാരും മറ്റ് തറവാടുകളിൽ നിന്നെത്തുന്ന നായർ സ്ത്രീകളും എല്ലാം ഇതിൽ പങ്കെടുക്കും'.

ഇങ്ങനെ തിരുവാതിര ദിവസത്തെ കളിക്കു അന്തർജനങ്ങളോട് കൂട്ടം ചേരാത്ത നായർ സ്ത്രീകളും മറ്റും ഓണദിവസത്തെ കളിയിൽ പങ്കുചേരുന്നു. ഈ രണ്ട് അവസരങ്ങളിലും ഏതു ആഘോഷിക്കാനാണ് സ്ത്രീകൾ തിരുവാതിരക്കളിയുടെ ആദ്യചുവടുകൾ വച്ചതെന്നോ രണ്ട് സന്ദർഭങ്ങളിലേയും പങ്കാളികളുടെ വ്യത്യാസം എന്നു ആരംഭിച്ചെന്നോ, കൃത്യമായി പറയുക വയ്യ. എങ്കിലും കേരളത്തിന്റെ തനതായ ജാതിവ്യവസ്ഥ ചില വസ്തുതകൾ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നവയാണ്. കേരള സമൂഹത്തിൽ പണ്ട് നിലനിന്നിരുന്ന സംബന്ധവ്യവസ്ഥ നമ്പൂതിരി ഇല്ലങ്ങളെ ഇതര അമ്പലവാസി, നായർ ഗൃഹങ്ങളുമായി ബന്ധപ്പെടുത്തുന്നുണ്ട്. പ്രത്യേക പൂജാവിധികളെക്കൊണ്ട് നിയന്ത്രിക്കാത്ത ഓണക്കാലത്ത് ഇത്തരം സംബന്ധബന്ധങ്ങളിലെ സ്ത്രീകൾക്കു അവരുടെ പ്രമാണിത്തം അനുസരിച്ച് ഇല്ലത്തിന്റെ ഒരു പരിധി വരെയുള്ള ഇടങ്ങളിലേയ്ക്കു പ്രവേശനം നൽകേണ്ടി വന്നിരിക്കണം. ആ പ്രവേശനങ്ങൾ ഒരു സംഘം ചേർന്നുള്ള കളിയിലേയ്ക്കും പരിണമിച്ചിരിക്കാം. അപ്പോഴും പ്രേക്ഷകലോകം, തുറസ്സായ വേദി ഇവയൊന്നും അനുവദിക്കപ്പെട്ടിരുന്നില്ല. തിരുവാതിര ദിവസത്തെ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ നിന്നും വ്യത്യസ്തമായി ഓണക്കാലത്ത് കുറേക്കൂടി സ്വാതന്ത്ര്യവും വൈവിധ്യ പൂർണ്ണവുമായ കളിരീതികളാണ് തുടർന്നു വന്നിരുന്നത്. നാടൻ ശീലുകളുടെ ധാരാളിത്തം, ഈശ്വരചരിതങ്ങൾക്കു പകരം നാട്ടുചരിതങ്ങളും പഴമകളും നിറഞ്ഞ പദങ്ങൾ പതിഞ്ഞാട്ടം, ചുഴിപ്പുകൾ, ചുറ്റിത്തിരിയൽ എന്നിങ്ങനെയുള്ള ചുവടുകളെക്കൂടാതെ പ്രാവടി, പയറുന്നുള്ളൽ, പെണ്ണിരക്കൽ എന്നിങ്ങനെയുള്ള കളിരീതികൾ ഇവയെല്ലാം ഓണക്കാല തിരുവാതിരക്കളിയെ വ്യത്യസ്തമാക്കുന്നു. ആവേശഭരിതമാണ് ഓണക്കാലത്തെ കളി. വട്ടത്തിൽ നിൽക്കുക എന്ന അടിസ്ഥാന രീതി തന്നെ ലംഘിച്ച് ഇരു വിഭാഗമായി നിന്നു കളിക്കുന്ന പതിവുമുണ്ട്.

'കളിക്കുന്നവരിൽ അന്തർജനങ്ങൾ ഏറെയുള്ളതിനാലും അവർക്കു പരപുരുഷദർശനം പാടില്ല എന്നതിനാലും കെട്ടിന്റെ പൂമുഖവാതിലടച്ച് അതിനുള്ളിലാണ് കളി. ഇങ്ങനെ വാതിലടച്ച് കളിക്കുന്നതിൽ നായർ സ്ത്രീകൾക്കു ഒട്ടും തൃപ്തിയില്ല. പുരുഷസദസ്സിൽ കളിച്ചാലേ കളിക്കു കൊഴുപ്പു കിട്ടൂ എന്നാണവരുടെ അഭിപ്രായം. അതുകൊണ്ട് നാലാം ദിവസത്തെ കളിയുടെ അരങ്ങ് ഇല്ലത്തെ കെട്ടിൽ നിന്നു ഏതെങ്കിലും നായർ തറവാടിന്റെ മുറ്റത്തേക്കു മാറ്റും'. (ദേവകി നിലയങ്ങോട്, 'യാത്ര കാട്ടിലും നാട്ടിലും', പു.50)

പ്രേക്ഷകരില്ലാതെ അകത്തളങ്ങളിലൊതുങ്ങി നിന്ന ഈ നൃത്തരൂപം പൊതുവേദിയിലെത്തിയതു എങ്ങനെയെന്നു കൂടി ഈ വരികളിൽ നിന്നറിയാം. അതുകൊണ്ട് ഒരു പ്രത്യക വിഭാഗം മാത്രം കൈകാര്യം ചെയ്തു. പിന്നീട് ക്ഷേത്രകലയായി പരിണമിക്കുകയോ മൃതകലയായി അവസാനിക്കുകയോ ചെയ്യാതെ ഈ നൃത്തരൂപം കൂടുതൽ ജനകീയമായി.

### ഇതരപാനങ്ങൾ

സമൂഹത്തിലെ ഏതു നൃത്തരൂപവും അതിലുൾപ്പെടുന്നവരുടെ സംസ്കാരത്തിന്റെ പ്രതിഫലനമാണ്. ഋതുക്കൾ, ഭൂമിശാസ്ത്രം എന്നിവയുമായി അവ പൊരുത്തപ്പെട്ടുപോകുകയും ചെയ്യും. വിളവെടുപ്പാഘോഷങ്ങളുമായി ബന്ധപ്പെട്ടാണ് ഭൂരിപക്ഷം സാമൂഹിക നൃത്തങ്ങളുടേയും ചുവടുകൾ രൂപപ്പെടുന്നത്. ഓണം മാത്രമല്ല തിരുവാതിരയും ഒരർത്ഥത്തിൽ ഈ സാമൂഹികമാനത്തെ അനുസരിക്കുന്നുണ്ട്. പ്രത്യക്ഷത്തിൽ, തിരുവാതിര വ്രതാനുഷ്ഠാനമാണെങ്കിലും കാമദേവന്റെ പുനരുജ്ജീവനം എന്ന മിത്ത് തിരുവാതിരയെ ഉർവ്വരതാനൃത്തങ്ങൾ സ്ത്രീകളുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. പ്രകൃതി വിഭവങ്ങൾ പ്രത്യേകമായി ചുട്ടെടുത്തു തയ്യാറാക്കുന്ന എട്ടങ്ങാടി എന്ന ഭക്ഷണം, നീരാട്ട്, ദശപുഷ്പം ചൂടൽ എന്നിങ്ങനെയുള്ള പ്രകൃതിയുമായുള്ള ഒരു തുടർ തിരുവാതിരയ്ക്കുണ്ട്. ഓണത്തിനു പ്രത്യക്ഷമായും തിരുവാതിരയ്ക്കു പരോക്ഷമായും നിലനിൽക്കുന്ന ഉർവ്വരതാ-പ്രകൃതി ബന്ധങ്ങളുടെ പ്രതിഫലനമാണ് ചുറ്റിത്തിരിഞ്ഞും കൈകോർത്തും കൈചേർത്തും സ്ത്രീകൾ ലയത്തോടെ ചുവടുവയ്ക്കുന്ന തിരുവാതിരക്കളി.

ദേശപ്പകർച്ചകളും ഋതുപകർച്ചകളും ഒരേ ദേശവാസികളെ സമാനമായാണ് സ്വാധീനിക്കുക. ജീവിത ചുറ്റുപാടുകളാണ് അവരിൽ വ്യത്യാസങ്ങളുണ്ടാക്കുക. ഈ വ്യത്യാസങ്ങൾ വേഷത്തിലും ഭാഷയിലും എന്നല്ല എല്ലാ സാംസ്ക്കാരിക ഇടപെടലുകളിലും നിഴലിക്കുകയും ചെയ്യും. ഉപരി വർഗ സ്ത്രീകളുടെ തിരുവാതിരക്കളിക്കു സമാന്തരമായ ചില മാനങ്ങളിൽ സമാനമായ ഒട്ടേറെ കലാരൂപങ്ങളുണ്ട്. നൃത്തരൂപം, താളം, ചില ചുവടുകൾ എന്നിങ്ങനെ ഇവയെയെല്ലാം ഒന്നിപ്പിക്കുന്ന ഏതെങ്കിലും ഘടകങ്ങൾ കണ്ടെത്താനുമാകും. ഈ ഘടകങ്ങളാണ് മലയാളത്തിന്റെ സ്വന്തം കയ്യൊപ്പുകളും.

### സ്ത്രീപക്ഷത?

'കേട്ടുവോ വേറിട്ടെൻ ശബ്ദ'മെന്നു 'കുടിയൊഴി'ക്കലിലെ നായിക നായകനോട് ചോദിക്കുന്നുണ്ട്. പുരുഷ പങ്കാളിത്തെ പ്രേക്ഷകനായിപ്പോലുമില്ലാത്ത കലാരൂപം എന്നും സ്ത്രീകളുടെ മാത്രമായ ആഘോഷത്തിലെ നൃത്തം എന്നും തിരുവാതിരക്കളിയുടെ സ്ത്രീപക്ഷതയെ കൊണ്ടാടാറുണ്ട്. എന്നാൽ കുടിയൊഴിക്കലിലെ നായികയുടെ ചോദ്യം പോലെ അദൃശ്യനായ ഒരു പ്രേക്ഷകനെ ഏതുകാലത്തും ഇതിലെ നർത്തകി മനസ്സുകൊണ്ടു കാണുകയോ പ്രതീക്ഷിക്കുകയോ ചെയ്യുന്നുണ്ട് എന്നതുറപ്പാണ്. അഭിനയം മുഖത്തു വരുത്താതെ പ്രണയ, വിരഹ ഈരടികൾക്കു ചുവടുവയ്ക്കുമ്പോൾ ആ ഭാവങ്ങൾ നൃത്തച്ചുവടുകളുടെ ആത്മാവായി നിലനിർത്താനാകുന്നതു കളിക്കാരിയുടെ മനസ്സിലെ പ്രതീക്ഷയും അതിനനുസൃതമായ ശരീരവഴക്കങ്ങളുമാണ്. താഴ്ന്നും, നിന്നും, ഇരുന്നും, നടന്നും ശരീരത്തിനും സ്വാതന്ത്ര്യം നൽകികൊണ്ടുള്ള ചലനങ്ങൾ സ്ത്രീയുടെ മാനസിക പിരിമുറുക്കങ്ങൾക്കു അയവു നൽകുമ്പോൾ അവ ലക്ഷ്യം വയ്ക്കുന്നതും തൃപ്തിപ്പെടുത്തുന്നതും പുരുഷനോട്ടങ്ങളെയാണ്.

Ref:-


1. കേരള ചരിത്രം, കേരള ഹിസ്റ്ററി അസോസിയേഷൻ, 1973
2. ആടു......പാടു.... മങ്കകളേ, സമ്പാ: പുത്തേഴത്ത് ഭാസ്ക്കരമേനോൻ, സുലഭ ബുക്സ്, തൃശ്ശൂർ, 2001
3. ആതിര തിരുവാതിര, സമ്പാ: മാലതി. ജി. മേനോൻ, പെൻബുക്സ്, 2002
4. തിരുവാതിര, ശ്രീദേവി വാര്യർ, സൈൻ ഓഫ് സെറ്റ്, തിരുവനന്തപുരം, 1999
5. തിരുവാതിരയും സ്ത്രീകളുടെ മറ്റ് വ്രതാനുഷ്ഠാനങ്ങളും, ദ്രൗപദി ജി. നായർ, കറന്റ് ബുക്സ്, കോട്ടയം, 2004
6. കൈകൊട്ടിക്കളിപ്പാട്ടുകൾ, ഡോ. സുധ ഗോപാലകൃഷ്ണൻ& രാധാമാധവൻ, സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ, 2004
7. യാത്ര കെട്ടിലും നാട്ടിലും, ദേവകി നിലയങ്ങോട്, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2004



ഡോ. ഹേമമാലിനി എം

സെ. മേരീസ് കോളേജ്

തൃശൂർ